D1BML2201 (A1) (Pages 2) Reg. No:......................

Name: ........................

**FIRST SEMESTER BA/B.Sc. DEGREE EXAMINATION NOVEMBER 2022**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A01T: മലയാളസാഹിത്യം I**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. "ജീവനും കൂടാതെ കേവലം ഭൂമിയിൽ
പാവകൾ വീണു കിടക്കുംപോലെ". കാരണം വ്യക്തമാക്കുക.
2. "അദ്ധ്യാത്മരാമായണം" ലഘു വിവരണം എഴുതുക.
3. "രാമനെ നിത്യം ദശരഥനെന്നുള്ളി-
ലാമോദമോട്ടു നിരൂപിച്ചുകൊള്ളണം". സന്ദർഭമെഴുതുക.
4. കുഞ്ചൻ നമ്പ്യാർ എന്ന കവിയെ പരിചയപ്പെടുത്തുക.
5. "നാടക കാവ്യ പുരാണാദികളിൽ
പാടവമവനുണ്ടായി വരേണം". സന്ദർഭം എഴുതുക.
6. "മരംപൂത്ത് കനി മൂന്നം പറിച്ച് തിന്നെ - ഇരസം
മനസിനുള്ളില് മറന്നോ, കണ്ണകന്ന പിന്നെ?" സാരസ്യം വ്യക്തമാക്കുക.
7. മാപ്പിളപ്പാട്ടിന്റെ സവിശേഷതകളെന്തെല്ലാം?
8. കുഞ്ഞുനായരുടെ പെട്ടകം എങ്ങനെയുള്ളതായിരുന്നു?
9. ഹാവ് ലോക്ക് എല്ലീസ് മരിച്ചുപോയില്ലെങ്കിൽ ഒരു അനാലിസിബ ആവശ്യപ്പെട്ടാമായിരുന്നു. സീതയ്ക്ക് ഇങ്ങനെ തോന്നാനുള്ള കാരണമെന്ത്?
10. കുട്ടിമോൻ പശുവുമായി താദാത്മ്യം പ്രാപിക്കാൻ എന്താണ് ചെയ്തിരുന്നത്?
11. "സ്വർണമിട്ടപ്പോ നിന്റെ കല്യാണം കഴിഞ്ഞതുപോലുണ്ട്...." പ്രസ്താവന പരിശോധിക്കുക.
12. ബിശ്വേശ്വർ ഗരാമിയെ അഭയാർത്ഥിക്യാമ്പിൽ പാർപ്പിക്കാനുള്ള നിയമതടസ്സം എന്തായിരുന്നു?
13. "ആ ആനയെ പേടിപ്പിച്ചല്ലോ" സന്ദർഭം വിശദമാക്കുക.
14. "നിനക്കും അതിലൊരിടമുണ്ട്. തീർച്ച. ഈ പെട്ടി കൂടാതെ എനിക്കിനി യാത്രയില്ല." ആരുടെ വാക്കുകൾ? വിശദമാക്കുക.
15. നാടൻപാട്ടുകളുടെ തനതായ മൂന്നു സവിശേഷതകൾ എഴുതുക.

(തുടർച്ച....2)

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. "ആരിന്നു വന്നതെന്നാലയം തന്നിലേ
ധീരനായ് കേവലം ചാവതിന്നായ് ?" - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

17. "ലക്ഷം മാനുഷർ കൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോ രണ്ടോ" - സാഹചര്യം വിശദമാക്കുക.

18. "ഒന്നിണ്ട് കേൾക്കണം ഉണ്ണിയാർച്ചേ
മാനുഷ്യം കൊഞ്ചല്ലേ പെൺകിടാവേ
ചൂരക്കോലാലേ മയക്കും ഞാനേ" - ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത് ?

19. വാർദ്ധക്യത്തിന്റെ വിവശതകളിലെത്തിയ കുഞ്ഞിക്കാവും കുഞ്ചുനായർ എന്ന ആനക്കാരനും തമ്മിലുള്ള ബന്ധം പ്രണയത്തിന്റെ അനശ്വരതയെ അടയാളപ്പെടുത്തുന്നു. സമർത്ഥിക്കുക.

20. സരസ്വതിയമ്മയുടെ കഥകളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

21. കുഷ്ഠരോഗം കുടുംബത്തിലും വ്യക്തിയിലുമുണ്ടാകുന്ന ഭിന്ന പ്രതികരണങ്ങൾ "ഉള്ളുരുക്കം" എന്ന കഥയിൽ അവതരിപ്പിക്കുന്നതെങ്ങനെ ?

22. തീക്ഷ്ണമായ ജീവിത മുഹൂർത്തങ്ങളെ ആവിഷ്കരിക്കുന്നതിൽ സി.വി ശ്രീരാമനുള്ള പാടവം വിശദമാക്കുക.

23. "വെച്ചേക്കില്ല ഞാൻ." കണ്ണാടിയിലെ ആൾരൂപം ചിരിച്ചുകൊണ്ടാവും പറയുന്നത്. അവൾ നോക്കി. ഇല്ല, അയാൾ ചിരിക്കുന്നില്ല. വിശദമാക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. എഴുത്തച്ഛൻ തന്റെ കൃതികളിൽ ഭക്തിക്ക് പ്രാധാന്യം കൊടുക്കുമ്പോഴും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. "ലക്ഷ്മണ സാന്ത്വനം" എന്ന പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക.

25. മനുഷ്യരുടെ ദുർമാർഗ്ഗങ്ങളെ അപലപിച്ചുകൊണ്ട് പൂന്താനം അവർക്ക് സന്മാർഗ്ഗം കാണിച്ചുകൊടുക്കുകയായിരുന്നു. ജ്ഞാനപ്പാനയെ ആസ്പദമാക്കി സമർത്ഥിക്കുക.

26. അന്ധമായ അനുസരണമാണ് സ്ത്രീത്വത്തിന്റെ മുഖമുദ്ര എന്ന ധാരണ "ഡബിൾ ആക്ടി"ൽ സരസ്വതിയമ്മ വിലയിരുത്തുന്നതെങ്ങനെ?

27. "തന്തത്താഴ്"എന്ന കഥയെ സാമൂഹിക സമകാലിക യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

**(2 x 10 = 20 മാർക്ക് )**